# അക്ഷരമുകുളങ്ങൾ



ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് എസ് പെരുവള്ളൂർ

പ്രിയപ്പെട്ട കുട്ടികളെ............

നിങ്ങളുടെ മനസിനുള്ളിൽ ഒളി ഞ്ഞിരിക്കുന്ന വലുതും ചെറുതുമായ ഭാവനകൾക്കോർത്തിണക്കി തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു...!

ഹെഡ്മിസ്ട്രസ്സ്

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ ഉണ്ടാക്കുന്നു എന്നവാർത്ത എന്നിൾ അതിയായ സന്തോഷവും ആവേവും പകരുന്നു.അക്ഷങ്ങൾ ഡിജിറ്റലായി കോർത്തിണക്കി മാഗസിൻ ഉണ്ടാക്കുന്ന എല്ലാ കൈറ്റ് അംഗങ്ങളേയും,അധ്യാപകരേയും പ്രശംസിക്കുന്നു.മാഗസിന് എല്ലാവിധഭാവുകങ്ങളുംനേരുന്നു........!

അശ്റഫ് എ പി (പി ടി എ പ്രസിഡന്റ്)

## *പത്രാധിപ സമിതി*

ചീഫ് എഡിറ്റർ

വിശാല സി പി (ഹെഡ്മിസ്ട്രസ്സ്)

സ്റ്റാഫ് എഡിറ്റർ

മുഹമ്മദ് ഹനീഫ പി കെ

സഹ.എഡിറ്റർ

ഗിരീഷ് വി(കൈറ്റ് മാസ്റ്റർ)

രശ്മി വി ടി(കൈറ്റ് മിസ്ട്രസ്സ്)

സ്റ്റുഡന്റ് എഡിറ്റർ

നീരജ് കൃഷ്ണ

അംഗങ്ങൾ

നസ്ല കെ ടി

റിഫ്ന എൽ

സ്മിത

ദിയ

# മൂന്നക്ഷരം

ജനനത്തിന് മൂന്നക്ഷരം...

മരണത്തിന് മൂന്നക്ഷരം...

അതിനിടയിലെ മൂന്നക്ഷരം...

ജീവിതത്തിലെ നന്മയ്ക്ക് മൂന്നക്ഷരം...

ജീവിതത്തിലെ തിന്മയ്ക്ക് മൂന്നക്ഷരം...

സ്നേഹത്തിന് മൂന്നക്ഷരം...

വെറുപ്പിനും മൂന്നക്ഷരം...

സന്തോഷത്തിന് മൂന്നക്ഷരം...

സങ്കടത്തിന് മൂന്നക്ഷരം...
അവസാനത്തിലുള്ള

നരകത്തിനും സ്വർഗത്തിനും മൂന്നക്ഷരം!!!!!!

# സാന്ത്വനം

ഹൃദയത്തിൽ മുറിവേറ്റവരോട്
സംസാരിച്ചു നോക്കൂ
ഉപ്പുരുകിയൊലിച്ച്
ആഴങ്ങളൊളിപ്പിക്കുന്ന
ഒരു പുഴയായി കരകവിയും അവർ
ഒരിക്കൽ ഒരു പ്രളയത്തിൽ
കടപുഴകിയെറിഞ്ഞ വേരുകൾ
നമുക്കുമുന്നിൽ വീണ്ടും തളിർക്കും
പൂക്കും വിരുന്നൊരുക്കും വാടിക്കരിയും
മടിക്കേണ്ട അപ്പോഴൊന്ന് തലോടും
ഇളം തെന്നലായ്
വെയിലിൽ പൊള്ളിയടർന്നതും
മഴയിൽ കഴുകിയെടുത്തതും
തുടിച്ചു പോവും
ഇടനെഞ്ചിന്റെ തുടി കേൾക്കാം
നമുക്കപ്പോൾ
ഇളം മഞ്ഞിന്റെ കുളിരിൽ
മുറിവുകൾ സുഖനിദ്ര കൊള്ളും
ഒരു പക്ഷേ ഉണരാതെ ഉറങ്ങും
സാന്ത്വനം ..........

ക്യാമറക്കണ്ണിലൂടെ.....

LITTLE KITES

# ലഹരിവിരുദ്ധ ബോധവൽക്കരണം



# എന്റെ അമ്മ സ്മാർട്ട് അമ്മ










# ഋതു ആരോഗ്യപരിപാടി



# ബാലികാദിനം



# വിരമിക്കൽ ചടങ്ങ്



പ്രിൻസിപ്പാൾ
ശ്രീ.അബ്ദുൽ നാസർ സാറിന്
യാത്രയയപ്പ്
2019 ജൂൺ 28 വെള്ളി
ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ പെരുവള്ളൂർ
പി.ടി.എ

# രക്ഷിതാക്കൾക്കൊരു ബോധവൽക്കരണം



# റിപ്പബ്ലിക്ക് ദിനാചരണം



# आकाश की आसूँ

धूप का एक रात,बारीश बरस लिये आकाश के आसूँ का बूदें धरती सेगिरा गई,बेला की मन में बहूत खूशी है ।वह में से एक धीप का मदद से चलती ।उस समय बारीश की एक,एक बूदें उसकी चेहरे में गिरा वह बारिश की पानी में खेलती है ।

कुछ समय की बाद उसकी माँ आपने लङकी किसे खोजती है, माँ दरवाज के बीच धीरे-धीरे चलती माँ आपनी लङकी की हाथ फकङकर-पूधा:तूझके बारीश सै बहूत प्यार है ?
बारिश में खेलो ।बूरवार आयेगा ।मों बेटीके लेकर आंदर गाय बेला दूंखी हुई ।आसके लगा किआकरभी
रोती है ।

रीफंन मोल

ഒരുപാട് നേരത്തെ യാത്രയ്ക്കൊടുവിലാണ് കോഴിക്കോട്  ജില്ലയിലെ കാപ്പാട് ബീച്ചിൽ എത്തിയത്.പുലർച്ചെ നാലരയ്ക്കാണ് വീട്ടിൽ നിന്ന് പുറപ്പെട്ടത്.അതിനാൽ എല്ലാവരുടെ കണ്ണിലും ഉറക്കം ബാക്കിയുണ്ടായിരുന്നു.ബീച്ചിൽ എത്തിയപ്പോൾ ആവേശത്തോടെ ബസ്സിൽ നിന്നും ഇറങ്ങിയോടി.ചപ്പാത്തിയും കറിയുമായിരുന്നു പ്രാതൽ,അവിടെ വച്ചു കഴിച്ചു.ഭക്ഷണശേഷം കടലിൽ കളിക്കാമെ ന്ന് എനിക്ക് തോന്നി.ഈ ആഹ്ലാദം എല്ലാവരുടെയും മനസ്സിൽ ഉണ്ടായിരിക്കുമെന്ന് ഞാൻ കരുതി.കടൽ തീരത്ത് ഓടാൻ വന്നവരല്ലാതെ മറ്റ് സന്തർശകർ ആരും ഉണ്ടായുരുന്നില്ല.അവിടുത്തെ പ്രകൃതി വളരെ സുന്ദരമാണ്.ഒരുപാട് രങ്ങൾ,ഗ്രാനൈറ്റ് പതിച്ച പടവുകൾ,അവസാനിക്കാത്ത തിരയുള്ള അറ്റമില്ലാത്ത കടൽ.എല്ലാം കൊണ്ടും കാപ്പാട് എനിക്കിഷ്ടപ്പെട്ടു.മണൽ വിരിപ്പിലൂടെ ഞങ്ങൾ

കടൽ എത്രയോ ഉൾവലിഞ്ഞു എന്ന് മുതിർന്നവർ പറഞ്ഞു തന്നു.

കാപ്പാട് നിന്നും കണ്ണൂരിലേക്ക് ഒരുപാട് നേരത്തെ ദൂരമുണ്ട്.ബസ്സിൽ ചടഞ്ഞിരുന്നു.വെറുതെ കൊറിക്കാൻ എല്ലാവരും ഭക്ഷണം കൊണ്ടുവന്നിരുന്നു.എന്റെ കയ്യിലെ ബിസ്കറ്റ് പേകറ്റ് ഞാനും കൂട്ടുകാരികളും പങ്കിട്ടു കഴിച്ചു.രണ്ടു മണിക്കൂർ യാത്രയ്ക്കൊടുവിൽ അറക്കൽ മ്യൂസിയത്തിലെത്തി.രാജവംശം ഉപയോഗിച്ചിരുന്ന പല ആയുധങ്ങളും വീട്ടുസാധനങ്ങളും ആഭരണങ്ങളും കണ്ടു.മ്യൂസിയത്തിലെ രണ്ടാം നിലയിലാണ് രാജദർബാർ.അവിടെയുള്ള സ്ഫടിക പാത്രങ്ങൾ വിസ്മയക്കാഴ്ചയായിരിന്നു. താഴെ നിലയിലെ പല പല ഭംഗിയുള്ള പെയിന്റിങ്ങ്സ് ഉണ്ടായിരുന്നു.

ഉച്ചയോടെ അറക്കൽ കോട്ടയിലേക്ക് പോയി.അവിടെ വിശാലമായ പൂന്തോട്ടവും ജയില ◌ും ഉണ്ടായിരുന്നു.കോട്ടക്ക് മുകളിൽ ശത്രുക്കളെ തുരത്താൻ കടലിനു നേരെ തിരിച്ചു വെച്ച പീരങ്കികൾ ഉണ്ടായിരുന്നു.അതിനു ശേഷം ഉച്ചഭക്ഷണം കഴിച്ചു. വിശ്രമശേഷം മടക്കയാത്ര ആരംഭിച്ചു.

മുഷ്രിഫ പി

10D

# എൻ സുഹൃത്ത്

ജീവിതത്തിൽ ഉടനീളം എൻ
കൈപിടിച്ച് കൂടെ നിന്നവർ
ആദ്യ പടി ഉയരുമ്പോഴും
അവസാന പടി ഇറങ്ങുമ്പോഴും
കൈപിടിച്ച് കൂടെ നിന്നവർ
എൻ ജീവിത സമ്പാദ്യമാണവർ
എൻ കണ്ണിലെ കൃഷ്ണമണിയാണവർ
എൻ സന്തോഷങ്ങൾക്ക് പ്രാധാന്യമേകിയവർ

ഹസ്ന കെ ടി
8A

# MOON-THE QUEEN OF NIGHT

**Oh my moon,why are you twinkling**
**like this!??**

**I am twinkling like this to make**
**you happy!?**

**Oh my moon, how are you making us**
**happy!?**

**I am making you happy by giving**
**my moonlight !,**

**Oh my moon, how are you asking my**
**boy to stop when he was crying!?**

**I am making him happy by**
**Showing my beauty!**

**Oh my moon, why are you twinkling**
**like this!?**

**I am twinkling like this to**
**keep you asleep!,**

**Oh my moon , why are you making us**
**asleep!?we want to look your beauty in deep!,**

**I am making you asleep because it’s**
**my duty!**

**Oh my moon , it is pity!**
**It’s not pity but it’s for your good!**

**Oh my moon, why are you looking our moods!?**
**I am looking your moods....**
**because.....**
**I am the queen of this whole**
**night!**

**Fida Faizal K.**

# സ്കൂളിന് ഉന്നത വിജയം

2019-20 അക്കാദമിക വർഷത്തിൽ കായിക മൽസരങ്ങളിൽ മികച്ച വിജയം
നേടാൻ ഞങ്ങളുടെ
സ്കൂളിന് സാധിച്ചു .ഫുട്ബോൾ,ക്രിക്കറ്റ്,ഹാൻഡ്ബോൾ,കബഡി,കോകോ,സോഫ്റ്റ്
ബോൾ,ബോൾ
ബാൻഡ് മിൻഡൻ,നെറ്റ് ബോൾ,ചെസ്സ്,ബോക്സിങ്,കരാട്ടെ,എന്നി തുടങ്ങിയ
മൽസരങ്ങലളിൽ
ഞങ്ങളുടെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ടീമിന്റെ പ്രാധിനിധ്യം
ഉണ്ടാവുകയും ഗെയിംസ്
മൽസരങ്ങളിൽ വെങ്ങര ഉപജില്ല ഓവറോൾ ചാമ്പ്യൻമാരാകാൻ സാധിച്ചു.അത്
ലറ്റിക് സിൽ മികച്ച പ്രകടനം
കാഴ്ച്ച വെക്കാനും സാധിച്ചു.ഇതിൽ 100 ഓളം കുട്ടികൾ ജില്ലാതലത്തിലും 15 കു
ട്ടികൾ സംസ്ഥാന തലത്തിലും,
+1 ക്ലാസിലെ മുഹമ്മദ് സനാൻ ബിൻഷാദ് എന്ന വിദ്യാർത്ഥി ബോക് സിങ്
മൽസരത്തിൽ നാഷണൽസ് 4th പ്രൈസ്
കൊണ്ട് വരുകയും ചെയ്തു.

# അയൽക്കാർ തിരക്കിലാണ്

കോരിച്ചൊരിയുന്ന മഴ... ഇന്നലെ വൈകിട്ട് തുടങ്ങിയതാണ്. അപ്പു പുതപ്പിനുള്ളിലേക്ക് ഒന്നുകൂടിച്ചുരുണ്ടു.പാതിചോർച്ചയായ ആ വീട്ടിലേക്ക് ഒരതിഥിയെപ്പോലെ ഇറ്റിറ്റായി അവിടവിടെ മഴത്തുള്ളി വീണുകൊണ്ടിരുന്നു.അവന്റെ മുടിയിഴകളിൽ അത് ചെറുതായി ഈറനണിയിച്ചു. "അപ്പൂ എഴുന്നേൽക്ക്,സ്കൂളിൽ പോകണ്ടേ ?" ചേച്ചി അമ്പിളിയുടെ വിളിവന്നു.അവനു മനസിലായി ,അമ്പിളി ചേച്ചി ട്യൂഷനിറങ്ങിയതാണ് .പത്താം തരത്തിലാണു പഠിക്കുന്നത്.അച്ഛന്റെ ഏകപ്രതീക്ഷ. അപ്പു പഠിത്തിൽ അൽപം മോശമാണ്.അവൻ ചടഞ്ഞെണീറ്റു. ഉമിക്കരി കയ്യിലെടുത്തു കൊണ്ട് ഉമ്മറത്തേക്കിറങ്ങി. അവന്റെ അമ്മ കഞ്ഞി വെക്കുകയായിരുന്നു.

അപ്പോഴായിരിന്നു പുറത്തുനിന്നു ഒരു കരച്ചിൽ കേട്ടത്.ഓടിച്ചെന്നു നോക്കിയപ്പോൾ അതാ അമ്പിളി കരഞ്ഞുകൊണ്ടു വരുന്നു..

## ഞങ്ങളുടേതുമാണീ ലോകം

ഞെരടിക്കളഞ്ഞിടാൻ ചെമ്പരത്തി മൊട്ടല്ല ഞങ്ങൾ

പിച്ചിക്കീറിടാൻ പഴന്തുണിക്കെട്ടുമല്ല

ധരിത്രിതൻ നാഭിയിൽ മൊട്ടിട്ടുണർന്ന,

തുളസിക്കതിരിൻ പരിശുദ്ധിയേറ്റുവാങ്ങിയ

നിഷ്കളങ്കമാം ബാല്യങ്ങളാണ് ഞങ്ങൾ...

-ദിയ.സി

# A FRIEND IN NEED IS A FRIEND INDEED

This proverb points that good friend is a friend. When his friend faces a problem he will help him. If we have a friend, he should have a good behaviour, a good approach,etc.......if not, that friend can't make a good friendship . This proverb contains a long meaning . No need of a mirror , if the friend is good this proverb also conveys the same massage . For a example : if a person is rich, the friends of that person appreciate his wealth and also enjoy with him. But, in a case that if he faces a problem, or a trouble, his friends did not came to share his problem or his grief. We don't need a friend like that. Friend is a part of our life. The approach of a good friend helps in our dreams or decisions. For example actually in my opinion, this proverb is a proverb which new generations are received for their good friendship. Friends are very loving and caring and sharing the happiness and sadness. A friend is our bright way to our good future. Friend is also a window for new or good future. If a person has a good friend, he is the winner in this whole world.

A good friendship mainly contains faith between friends.
Faith is a main factor in our life. We have friends who believes each other
we have not double or miss understanding among friends. It is a main factor which helps to become good friendship or become a bad friendship. I wish to have a bosom friend. my friend is my light. If it is good,i can travel through a nice way. If my friend is bad. I arrive in darkness . A friend the main factors, that good belief, mutual understanding, he has an eye which see the happiness and badness or grieve of his friend. Avoid fully the misunderstanding. At last i suggest you to select a good friend. I also wait for that.

All the best !!!!

**HASNA KT**
**8A**

# HUMANS

*Humans are only a relatives in earth.*
*Humans are not owners of earth.*
*Humans are only travellers of earth.*
*Humans are only the destroyers in earth.*
*Humans are eaters of the earth.*
*Sure, we will go to our own house*
*To heaven or*
*To hell*

*Saliha Jibin.P*

# കുട്ടിവരകൾ







നന്ദി